# സംശയ ദിനത്തിലെ നോമ്പ്

[ Malayalam - മലയാളം - مليالم ]

# ﴾ صوم يوم الشك ﴿


ശൈഖ് മുഹമ്മദ് സ്വാലിഹ് അൽ മുനജ്ജിദ്

الشيخ محمد صالح المنجد

http:// www.islam-qa.com

വിവർത്തനം: ശാക്കിർ ഹുസൈൻ സ്വലാഹി

ترجمة : شاكر حسين صلاحي



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

المملكة العربية السعودية

islamhouse.com

1431 — 2010

بسم الله الرحمن الرحيم

ചോ: ഞങ്ങൾ ശഅബാൻ ഇരുപത്തിയൊമ്പതിന് മാസപ്പിറവി കാണാനായി പുറപ്പെട്ടു എന്നാൽ അന്തരീക്ഷം മേഘാവൃതമായിരുന്നതിനാൽ കാണാൻ സാധിച്ചില്ല അന്ന് സംശയത്തിന്റെ ദിനമായതിനാൽ ഞങ്ങൾ ശഅബാൻ മുപ്പതിന് വ്രതമനുഷ്ഠിക്കേണ്ടതുണ്ടോ?

ഉ: ഇത്തരം ദിവസങ്ങൾക്കാണ് സംശയ ദിനമെന്ന് പറയുന്നത് അതായത് ശഅബാൻ അവസാനത്തെ ദിവസമാണോ റമദാനിന്റെ അദ്യ ദിവസമാണോ എന്നുറപ്പില്ലാത്ത ദിവസം നബി(ﷺ) പറഞ്ഞു:

صوموا لرؤيته وأفطروا لرؤيته فإن غُبِّيَ (أي خفي) عليكم فأكملوا عدة شعبان ثلاثين " رواه البخاري

‘‘ചന്ദ്രപ്പിറവി ദൃശ്യമായാൽ നിങ്ങൾ നോമ്പെടുക്കുക, മാസപ്പിറവി കണ്ടാൽ നിങ്ങൾ നോമ്പ് മുറിക്കുകയും ചെയ്യുക, ഇനി ചന്ദ്രപ്പിറവി നിങ്ങൾക്കവ്യക്തമായാൽ ശഅബാൻ മുപ്പത് പൂർത്തിയാക്കുക.(ബുഖാരി:1919) ഉപരി സൂചിത പ്രവാചകവചനത്തിന്റെ വെളിച്ചത്തിൽ ഈ ദിവസത്തിൽ വ്രതമനുഷ്ഠിക്കൽ നിഷിദ്ധമാകുന്നു.

وقال عمار بن ياسر من صام اليوم الذي يُشك فيه فقد عصى أبا القاسم صلى الله عليه وسلم . رواه الترمذي وصححه الألباني في صحيح الترمذي

. 553

അമ്മാറുബ്നു യാസിർ(ﷺ) പറഞ്ഞു:സംശയ ദിനത്തിൽ ആർ വ്രതമനുഷ്ഠിച്ചുവോ അവൻ പ്രവാചക(ﷺ)നോട് എതിർ പ്രവർത്തിച്ചിരിക്കുന്നു.(തിർമിദി:553 - ഇത് സ്വഹീഹാണെന്ന് ശൈഖ് അൽബാനി അഭിപ്രായപ്പെട്ടിരിക്കുന്നു.)

ഇബ്നു ഹജർ(ﷺ) പറഞ്ഞു: സംശയ ദിനത്തിൽ നോമ്പനുഷ്ഠിക്കാൻ പാടില്ല എന്നതിന് ബുഖാരിയിലെ മേൽ (നമ്പർ:1909) ഹഥീസ് തെളിവാകുന്നു കാരണം ഹദീസ് റിപ്പോർട്ട് ചെയ്യുന്ന

സഹാബി സ്വാഭിപ്രായ പ്രകാരമല്ല (മർഫൂഅ്)നബിയിലേക്ക് ചേർത്തിയാകുന്നു നിവേദനം ചെയ്യുന്നത്.

സഊദി അറേബ്യയിലെ പണ്ഡിത സഭ സംശയ ദിവസത്തെ നോമ്പിനെക്കുറിച്ച് പറയുന്നു: സുന്നത്തിൽ നിന്നും സംശയ ദിവസത്തെ നോമ്പ് നിഷിദ്ധമാണെന്ന് ഗ്രഹിക്കാം.(ഫതാവ ലജ്ന 10/117)

ശൈഖ് മുഹമ്മദ്ബ്നു ഉഥൈമീൻ(ﷺ)വിഷയത്തിലെ പണ്ഡിതാഭിപ്രായ ഭിന്നത ചർച്ച ചെയ്യുന്ന മധ്യേ ഇങ്ങനെ പറഞ്ഞു: ഇവ്വിഷയകമായി ഏറ്റവും ശരിയായ അഭിപ്രായം സംശയ ദിവസത്തെ വ്രതം നിഷിദ്ധമാണെന്നതാകുന്നു. എന്നാൽ ഒരു ഭരണാധികാരിയായ ഇമാമിന് ആ ദിവസം നോമ്പ് നിർബന്ധമാണെന്ന് സ്ഥിരപ്പെടുകയും, നോമ്പനുഷ്ഠിക്കാൻ അദ്ദേഹം ജനങ്ങളോട് കൽപിക്കുകയും ചെയ്താൽ അവൻ (സംശയ ദിവസം നോമ്പെടുക്കാത്തവൻ) പ്രത്യക്ഷത്തിൽ ഇമാമിന്ന് എതിരാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. താൻ നോമ്പെടുക്കുന്നില്ല എന്ന വിവരം പരസ്യമാക്കാതെ രഹസ്യമാക്കുകയാണ് വേണ്ടത്. (ശറഹുൽ മുംതിഅ് 6/318)

وصلى الله على نبينا محمد وآله وصحبه وسلم

***********